**ഗ്രാമ ന്യായാലയ, അമ്പലപ്പുഴ**
**ഹാജർ :- ശ്രീ. സുശാന്ത് കൃഷ്ണൻ. ജി, ന്യായാധികാരി**
**2026 – മാണ്ട് മാർച്ച് മാസം 28 –)o തീയതി**

# MC. No. 26 / 2020

| | | |
|---|---|---|
| ഹർജിക്കാരി | : | ഷീബ പി.ആർ, 58 വയസ്സ്, W/o. മോഹനൻ,<br>ആലിശ്ശേരിൽ, പുന്നപ്ര സൗത്ത് പഞ്ചായത്ത്,<br>വാർഡ് – 13 (പഴയ വാർഡ് നമ്പർ –11),<br>പുന്നപ്ര പി.ഒ, പുന്നപ്ര വില്ലജ്, അമ്പലപ്പുഴ താലൂക്ക്,<br>ആലപ്പുഴ<br>**(പ്രതിനിധീകരിക്കുന്നത് അഡ്വ. പി സുധീർ)** |
| എതൃകക്ഷി | : | മോഹനൻ, 72 വയസ്സ്, S/o. മാധവൻ,<br>ആലിശ്ശേരിൽ, പുന്നപ്ര സൗത്ത് പഞ്ചായത്ത്,<br>വാർഡ് – 13 (പഴയ വാർഡ് നമ്പർ –11),<br>പുന്നപ്ര പി.ഒ,പുന്നപ്ര വില്ലജ്, അമ്പലപ്പുഴ താലൂക്ക്,<br>ആലപ്പുഴ<br>**(പ്രതിനിധീകരിക്കുന്നത് അഡ്വ. എസ്. രാമകൃഷ്ണൻ)** |

2005–ലെ ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമം 12–)o വകുപ്പ് പ്രകാരം ഉള്ള ഈ ഹർജി 11.03.2026 ന് കോടതിയുടെ പരിഗണനയിൽ വന്നതിൽ 28.03.2026 ന് പുറപ്പെടുവിക്കുന്ന

## ഉത്തരവ്

1. ഹർജി 2005–ലെ ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമം 12–)o വകുപ്പ് പ്രകാരം ബോധിപ്പിച്ചതാണ്.

2. ഹർജി സംഗതി ഇപ്രകാരം ആണ് :- ഹർജിക്കാരിയും എതൃകക്ഷിയും ഹിന്ദു ധീവര സമുദായത്തിൽപ്പെട്ടവരാണ്. ഹർജിക്കാരിയും എതൃകക്ഷിയും തമ്മിലുള്ള വിവാഹം 12.07.2012 തീയതി എതൃകക്ഷിയുടെ കുടുംബക്ഷേത്രമായ പുന്നപ്രയിലുള്ള ആലിശ്ശേരി ദേവീക്ഷേത്രത്തിൽ വെച്ച് നടന്നിട്ടുള്ളതാണ്. പ്രസ്തുത വിവാഹം ഇരു

കക്ഷികളുടെയും രണ്ടാം വിവാഹം ആയിരുന്നു എന്നും, ടി വിവാഹം മാര്യേജ് അതോറിറ്റികൾക്ക് മുമ്പാകെ എതൃകക്ഷിക്ക് താല്പര്യം ഇല്ലാത്തതിനാൽ ടി വിവാഹം രജിസ്റ്റർ ചെയ്തിട്ടില്ലാത്തതുമാണ്. ഹർജിക്കാരി ആവർത്തിച്ച് ആവശ്യപ്പെട്ടെങ്കിലും എതൃകക്ഷി അത് നിരസിക്കുകയും ടി വിവാഹം രജിസ്റ്റർ ചെയ്യുന്നതിൽ എതൃകക്ഷി യാതൊരു താല്പര്യവും കാണിച്ചിട്ടില്ലാത്തതും, ടി വിവാഹ ബന്ധത്തിൽ കുട്ടികൾ ജനിച്ചിട്ടില്ലാത്തതുമാണ്. ഹർജിക്കാരി മത്സ്യഫെഡിൽ പ്രോസസിംഗ് സൂപ്പർവൈസർ ആയി ജോലി ചെയ്യുകയാണെന്നും പ്രതിമാസം 30,000/- (മുപ്പതിനായിരം) രൂപയിൽ കൂടുതൽ വരുമാനം ലഭിക്കുന്നുണ്ടെന്നും, ഹർജിക്കാരിക്ക് എതൃകക്ഷിയുമായുള്ള വിവാഹത്തിന് മുമ്പ് തന്നെ ഹർജിക്കാരിയുടെ കുടുംബസ്വത്തായി 6,00,000/- (ആറ് ലക്ഷം) രൂപ ലഭിച്ചിരുന്നു എന്നും, വിവാഹം കഴിഞ്ഞ് തൊട്ടടുത്ത ആഴ്ച തന്നെ എതൃകക്ഷിയുടെ പേരിൽ വള്ളവും വലയും വാങ്ങുന്നതിനായി എതൃകക്ഷി ഈ പണം ഹർജിക്കാരിയിൽ നിന്നും കൈകലാക്കിയിട്ടുള്ളതുമാണ്. ഹർജിക്കാരിക്ക് 2012 ഓഗസ്റ്റ് മാസം മുതൽ ശമ്പളം ലഭിച്ചു തുടങ്ങിയപ്പോൾ മുതൽ വിവിധ തവണകളിലായി ആകെ 9,92,479/- രൂപ ശമ്പളയിനത്തിൽ എതൃകക്ഷി ഹർജിക്കാരിയിൽ നിന്നും കൈപ്പറ്റിയിട്ടുണ്ട് എന്നും, എതൃകക്ഷിയുടെ പേരിൽ വാങ്ങിയ വസ്തുവിന്റെ മുഴുവൻ വിലയും ഹർജിക്കാരിയുടെ ശമ്പളത്തിൽ നിന്നാണ് ചിലവഴിച്ചത്. പുന്നപ്ര വില്ലേജിൽ സർവ്വേ നമ്പർ 35/9-1ൽ ഉൾപ്പെട്ട 5.46 ആർസ് വസ്തു എതൃകക്ഷിയാണ് വാങ്ങിയത്. യഥാർത്ഥത്തിൽ മുഴുവൻ പണവും ഹർജിക്കാരിയാണ് ചിലവഴിച്ചതെങ്കിലും വസ്തുവിന്മേലുള്ള ഹർജിക്കാരിയുടെ മുഴുവൻ അവകാശങ്ങളും താൽപര്യങ്ങളും തടയപ്പെട്ടിരിക്കുകയാണ്. ടി വസ്തുവിന്മേലുള്ള ഹർജിക്കാരിയുടെ അവകാശത്തിനായി ഒരു നിരോധന ഉത്തരവ് ലഭിക്കാൻ ഹർജിക്കാരിക്ക് അർഹതയുണ്ട്. കൂടാതെ ഹർജിക്കാരി വരിസംഖ്യ അടച്ചിരുന്ന വിവിധ ചിട്ടിഫണ്ടുകളിൽ നിന്നുള്ള തുകയും എതൃകക്ഷി കൈപ്പറ്റിയിട്ടുണ്ട്. എതൃകക്ഷി ഹർജിക്കാരിയെ ഒരു ഭാര്യ എന്ന നിലയിൽ ഒരിക്കലും പരിഗണിച്ചിട്ടില്ല എന്നും യാതൊരു അടിസ്ഥാനവുമില്ലാതെ എതൃകക്ഷി എപ്പോഴും ഹർജിക്കാരിയെ മർദ്ദിക്കാൻ ശ്രമിക്കുകയും ചെയ്തു വന്നിരുന്നു. ഹർജിക്കാരിയുടെ 74 വയസ്സുള്ള ശോഭിനി എന്ന വൃദ്ധയായ മാതാവും ഹർജിക്കാരിയോടൊപ്പമാണ് താമസിക്കുന്നത് എന്നാൽ ടി മാതാവിന്റെ പ്രായം പോലും പരിഗണിക്കാതെ നിസ്സാര കാര്യങ്ങളിൽ ടിയാളെ കുറ്റപ്പെടുത്തുന്നതിൽ എതൃകക്ഷി സന്തോഷം കണ്ടെത്തുന്നു. എതൃകക്ഷി മാനുഷിക പരിഗണനകളിൽ

നിന്നും വികാരങ്ങളിൽ നിന്നും വളരെ അകലെയാണ് എന്നും ഹർജിക്കാരിയുടെ മറ്റ് ആശ്രിതരെയും താമസസ്ഥലത്തുനിന്ന് പുറത്താക്കാൻ എതൃകക്ഷി എപ്പോഴും ലക്ഷ്യമിടുന്നു. എതൃകക്ഷി എപ്പോഴും പുതിയൊരു വിവാഹബന്ധത്തിനായി അന്വേഷിച്ചുകൊണ്ടിരിക്കുകയും, മോശമായി പെരുമാറുന്നത് കൊണ്ട് എതൃകക്ഷിയോടൊപ്പം താമസിക്കാൻ ഹർജിക്കാരി വളരെയധികം ഭയപ്പെടുകയും ആശങ്കപ്പെടുകയും ചെയ്യുന്നു. എതൃകക്ഷി ഹർജിക്കാരിയോട് അങ്ങേയറ്റം ക്രൂരതയോടെയാണ് പെരുമാറുന്നതെന്നും ഹർജിക്കാരിയുടെ മനസ്സിൽ ഭീതി ഉണ്ടാക്കുകയും താമസസ്ഥലത്ത് നിന്ന് പുറത്താക്കപ്പെടും എന്നും ഹർജിക്കാരി ഭയപ്പെടുന്നു. 07.10.2020 തീയതിയോടുകൂടി യാതൊരു കാരണവുമില്ലാതെ എതൃകക്ഷി ദാമ്പത്യജീവിതത്തിൽ അപ്രതീക്ഷിതമായ സാഹചര്യങ്ങൾ ഉണ്ടാക്കിയതായും, ഹർജിക്കാരിയെ ഉപദ്രവിക്കണമെന്ന് ദുരുദ്ദേശത്തോടെ എതൃകക്ഷി ദാമ്പത്യ ജീവിതത്തിൽ പ്രശ്നങ്ങൾ സൃഷ്ടിക്കുകയും, എതൃകക്ഷി മുറിയിൽ പ്രവേശിച്ച് വാതിൽ പൂട്ടിയശേഷം ടിയാൻ മറ്റൊരു സ്ത്രീയെ വിവാഹം കഴിക്കുമെന്നും വസ്തുക്കളെല്ലാം ആ സ്ത്രീയുടെ പേരിലേക്ക് മാറ്റും എന്നും ഹർജിക്കാരിയെ താമസസ്ഥലത്ത് നിന്ന് പുറത്താക്കുമെന്നും ഭീഷണിപ്പെടുത്താറുണ്ടായിരുന്നു എന്നും, കൂടാതെ താമസസ്ഥലം ഒഴിഞ്ഞു തരണമെന്ന് എതൃകക്ഷി നിരന്തരം ആവശ്യപ്പെടുകയും ചെയ്യുന്നു. ഹർജിക്കാരി പുന്നപ്ര സൗത്ത് പഞ്ചായത്തിലെ 119/XIII എന്ന നമ്പറിലുള്ള വീടും വസ്തുവും ഒഴിയണമെന്ന് എതൃകക്ഷി ഭീഷണിപ്പെടുത്തുന്ന രീതിയിൽ ആവശ്യപ്പെടുകയും, ആയത് നിരസിച്ചതിനെ തുടർന്ന് എതൃകക്ഷിയിൽ നിന്നും ഹർജിക്കാരിക്ക് വലിയ രീതിയിലുള്ള മാനസിക വിഷമങ്ങൾ നേരിടേണ്ടി വന്നിട്ടുണ്ട്. ഹർജിക്കാരിയും ടിയാളുടെ പ്രായമായ അമ്മയും തങ്ങളുടെ ജീവനും സമാധാനത്തിനും അപകടമുണ്ടാകുമെന്ന് ഭയപ്പെടുന്നു എന്നും, എതൃകക്ഷിയുടെ ഭാഗത്ത് നിന്നുള്ള അനാവശ്യമായ അവകാശവാദങ്ങൾ ഹർജിക്കാരിക്ക് വലിയ വേദനയും കഷ്ടപ്പാടുകളും ഉണ്ടാക്കുന്നു. ഹർജിക്കാരിക്കും ടിയാളുടെ മാതാവിനും ശിഷ്ടകാലം ജീവിക്കാൻ മറ്റു വഴികൾ ഒന്നുമില്ല. സുഹൃത്തുക്കളുടെ ഹീനമായ പിന്തുണയോടെ എതൃകക്ഷി ഹർജിക്കാരിയെ അവിടെനിന്നും പുറത്താക്കുമെന്നും സമാധാനമായി ജീവിക്കാൻ അനുവദിക്കില്ലെന്നും പങ്ക് പാർത്ത വീടിന്റെയും വസ്തുവിന്റെയും മേലുള്ള അവകാശങ്ങൾ സ്വമേധയാ ഉപേക്ഷിക്കണമെന്നുള്ള നിയമവിരുദ്ധമായ ആവശ്യങ്ങളും എതൃകക്ഷി ഉന്നയിച്ചു വരുന്നു. അതുകൊണ്ട് കേസിലെ വസ്തുതകളും സാഹചര്യങ്ങളും കണക്കിലെടുത്ത് ഹർജിക്കാരിയെ ഗാർഹിക

പീഡനങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനും, പുന്നപ്ര വില്ലേജിലെ സർവ്വേ നമ്പർ 35/9-1ൽ ഉൾപ്പെട്ട 5.46 ആർസ് സ്ഥലവും അതിലെ പങ്ക് പാർത്ത വീടും കൈമാറ്റം ചെയ്യുന്നതിൽ നിന്നും എതൃകക്ഷിയെ തടയുന്നതിനും, പുന്നപ്ര സൗത്ത് പഞ്ചായത്തിലെ 119/XIII നമ്പർ പങ്ക് പാർത്ത വീട് കൈമാറ്റം ചെയ്യുകയോ അന്യവൽക്കരണം ചെയ്യുകയോ ക്രയവിക്രയം നടത്തുകയോ ചെയ്യരുതെന്ന് എതൃകക്ഷിയെ വിലക്കിക്കൊണ്ട് ഒരു ഉത്തരവ് പുറപ്പെടുവിക്കണമെന്നും ഹർജിയിൽ പറയുന്നു. ആകയാൽ സംരക്ഷണ ഉത്തരവിനും പാർപ്പിട ഉത്തരവിനും മറ്റുമാണ് ഹർജിക്കാരി മേല്പടി ഹർജി ഫയൽ ചെയ്തിട്ടുള്ളത്.

3. എതൃകക്ഷി നോട്ടീസ് കൈപ്പറ്റുകയും കേസിൽ ആക്ഷേപം ഫയൽ ചെയ്തിട്ടുള്ളതുമാണ്.

4. ഹർജികക്ഷിയെ PW1 ആയി കോടതി മുമ്പാകെ വിസ്തരിച്ചു. Ext.P1 മുതൽ Ext.P5 വരെ രേഖകൾ  അക്കമിട്ടു തെളിവിൽ സ്വീകരിച്ചു.

5. എതൃകക്ഷിയെ DW1 ആയി വിസ്തരിച്ചു.

6. ഇരുഭാഗവും വിശദമായി വാദം കേൾക്കുകയും ഹാജരാക്കിയ തെളിവ് രേഖകൾ വിശദമായി പരിഗണിക്കുകയും ചെയ്തു.

7. താഴെ പറയുന്ന വിഷയങ്ങൾ നിർണയിക്കേണ്ടതിലേയ്ക്കായി പരിഗണിക്കുന്നു :-

I) ഹർജിക്കാരി ഗാർഹിക പീഡനത്തിന് ഇരയായിട്ടുണ്ടോ ?

II)ഹർജിക്കാരിയെ എതൃകക്ഷി ഏതെങ്കിലും തരത്തിലുള്ള ഗാർഹിക പീഡന കൃത്യങ്ങൾക്ക് വിധേയമാക്കുന്നത് തടഞ്ഞു ഒരു സംരക്ഷണ ഉത്തരവ് ലഭിക്കുന്നതിന്  ഹർജിക്കാരിക്ക് അർഹതയുണ്ടോ ?

III) പുന്നപ്ര വില്ലേജിലെ സർവ്വേ നമ്പർ 35/9-1ൽ ഉൾപ്പെട്ട 5.46 ആർസ് സ്ഥലവും അതിലെ പങ്ക് പാർത്ത വീടും കൈമാറ്റം ചെയ്യുന്നതിൽ നിന്നും എതൃകക്ഷിയെ തടഞ്ഞ് ഒരു ഉത്തരവ് ലഭിക്കാൻ ഹർജിക്കാരിക്ക്  അർഹത ഉണ്ടോ ?

IV) പുന്നപ്ര സൗത്ത് പഞ്ചായത്തിലെ 119/XIII നമ്പർ പങ്ക് പാർത്ത വീട് കൈമാറ്റം ചെയ്യുകയോ അന്യവൽക്കരണം ചെയ്യുകയോ ക്രയവിക്രയം നടത്തുകയോ ചെയ്യരുതെന്ന് എതൃകക്ഷിയെ വിലക്കി കൊണ്ട് ഒരു ഉത്തരവ് ലഭിക്കാൻ ഹർജിക്കാരിക്ക്  അർഹത ഉണ്ടോ ?

V) ഉത്തരവുകളും ചിലവുകളും ?

**<u>പരിഗണന വിഷയം I ഉം II ഉം :-</u>**

8. ഹർജിക്കാരിയും എതൃകക്ഷിയും ഭാര്യഭർത്താക്കന്മാരും, ഇരുവരും തമ്മിലുള്ള വിവാഹം 12.07.2012 തീയതി എതൃകക്ഷിയുടെ കുടുംബക്ഷേത്രമായ പുന്നപ്രയിലുള്ള ആലിശ്ശേരി ദേവീക്ഷേത്രത്തിൽ വെച്ച് നടന്നിട്ടുള്ളതുമാണ്. പ്രസ്തുത വിവാഹം ഇരു കക്ഷികളുടെയും രണ്ടാം വിവാഹം ആയിരുന്നു എന്നും, ടി വിവാഹ ബന്ധത്തിൽ കുട്ടികൾ ജനിച്ചിട്ടില്ലാത്തതുമാണ്. ടി വിവാഹത്തെ സംബന്ധിച്ച് യാതൊരു രേഖകളും ഹർജിക്കാരി കോടതിയിൽ ഹാജരാക്കിയിട്ടില്ലാത്ത നിലയ്ക്ക് കോടതിയിൽ ഹർജിക്കാരി ഹാജരാക്കിയ മറ്റ് രേഖകൾ പരിശോധിക്കേണ്ടത് ഇരുകക്ഷികളും തമ്മിലുള്ള വിവാഹം നടന്നു എന്ന് തീരുമാനിക്കുന്നതിനും അവർ തമ്മിലുള്ള ഗാർഹിക ബന്ധം *(Domestic Relationship)* തെളിയിക്കുന്നതിനും അത്യന്താപേക്ഷിതമാണ്. ഇരുകക്ഷികളും തമ്മിൽ വിവാഹിതർ ആണെന്നും ഭാര്യാഭർത്താക്കന്മാർ ആണെന്നും ബോധ്യപ്പെടുന്നതിന് Ext.P1 റേഷൻ കാർഡ് (നമ്പർ 1418071147) Ext.P2 റേഷൻ കാർഡ് (നമ്പർ 1418071147) ഹർജിക്കാരിക്ക് ഇലക്ഷൻ കമ്മീഷനിൽ നിന്ന് നൽകിയ Ext.P5 ഇലക്ഷൻ തിരിച്ചറിയൽ കാർഡ് (നമ്പർ KHK1628387) എന്നിവ പരിയശോധിച്ചതിൽ നിന്നും Ext.P1 റേഷൻ കാർഡ് 24.12.2008 തീയതി അമ്പലപ്പുഴ താലൂക്ക് ഓഫീസർ ഇഷ്യൂ ചെയ്തതാണ് എന്നും അതിൽ ഹർജിക്കാരിയായ ഷീബ എതൃകക്ഷി മോഹനന്റെ ഭാര്യ ആണെന്നും കുടുംബ ബന്ധത്തെ പറ്റി പരാമർശിക്കുന്ന കോളത്തിൽ രേഖപ്പെടുത്തിയതായും, കൂടാതെ 15.03.2017 തീയതിയിൽ അമ്പലപ്പുഴ താലൂക്ക് ഓഫീസർ ഇഷ്യൂ ചെയ്ത Ext.P2 റേഷൻ കാർഡിൽ ഹർജിക്കാരിയായ ഷീബ എതൃകക്ഷി മോഹനന്റെ ഭാര്യ ആണെന്നും കുടുംബബന്ധത്തെ പറ്റി പരാമർശിക്കുന്ന കോളത്തിൽ രേഖപ്പെടുത്തിയതായും കാണുന്നു. ആയതിനാൽ ഹർജിക്കാരി എതൃകക്ഷിയുടെ ഭാര്യയാണെന്നും Ext.P1, Ext.P2 റേഷൻ കാർഡുകളിലെ രേഖകൾ പ്രകാരവും Ext.P5 ഇലക്ഷൻ തിരിച്ചറിയൽ കാർഡ് കൊണ്ടും കാണാവുന്നതാണ്. ഹർജിക്കാരിയും എതൃകക്ഷിയും തമ്മിൽ ഗാർഹിക ബന്ധത്തിൽ ഉള്ളവരാണ് എന്നും ഇരുകക്ഷികളും "ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിലെ പുന്നപ്ര പി.ഒ-യിൽ ആലിശ്ശേരി വീട്ടിൽ" പങ്കുപാർത്ത് താമസിച്ചിട്ടുള്ളതാണെന്നും അതിനാൽ ഹർജിക്കാരിയും എതൃകക്ഷിയും തമ്മിൽ ഗാർഹികബന്ധം ഉണ്ടെന്നും തെളിഞ്ഞിരിക്കുന്നു. ഇപ്രകാരം താമസിച്ച വരവെ എതൃകക്ഷി ഹർജിക്കാരിയെ പതിവായി പലവിധത്തിൽ മാനസികമായും ശാരീരികമായും ഉപദ്രവിച്ചു എന്ന് ഹർജിക്കാരി മൊഴി നൽകി. എതൃകക്ഷിയിൽ നിന്നുള്ള പെരുമാറ്റങ്ങൾ

ഹർജിക്കാരിക്ക് കടുത്ത മാനസിക സംഘർഷത്തിനും സങ്കടത്തിനും കാരണമായിട്ടുള്ളതും എതൃകക്ഷിയിൽ നിന്നും ഇത്തരത്തിലുള്ള ഗാർഹിക പീഡന കൃത്യങ്ങൾ തുടർന്നും ഉണ്ടായേക്കാം എന്നും ഭയമുള്ളതായും ഹർജിക്കാരി മൊഴി നൽകിയിരിക്കുന്നു. ഇപ്രകാരം PW1 ന്റെ മൊഴി പരിശോധിക്കുമ്പോൾ എതൃകക്ഷി ഹർജിക്കാരിക്കെതിരെ ഗാർഹികപീഡനം നടത്തിയതായി കണ്ടെത്തിയിരിക്കുന്നു. ഇത്തരത്തിൽ ഗാർഹിക പീഡന കൃത്യങ്ങൾ തുടർന്നും നടത്താനുള്ള സാധ്യത കണക്കിലെടുത്ത് എതൃകക്ഷിയുടെ ഭാഗത്ത് നിന്നും ഹർജിക്കാരിക്ക് നേരെയുണ്ടാകുന്ന അക്രമപ്രവർത്തികൾ തടഞ്ഞു കിട്ടേണ്ടത് അത്യാവശ്യമാണെന്ന് ഈ കോടതിക്ക് ബോധ്യം വന്നിരിക്കുന്നു. ആയതിനാൽ ഹർജിക്കാരി ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമത്തിലെ 18(a) വകുപ്പ് പ്രകാരമുള്ള ഉത്തരവ് ലഭിക്കാൻ അർഹയാണ്. ആയതിനാൽ ഈ പരിഗണന വിഷയം ഹർജിക്കാരിക്ക് അനുകൂലമായി കണ്ടെത്തിയിരിക്കുന്നു.

**<u>പരിഗണന വിഷയം III ഉം IV ഉം :-</u>**

9. ഹർജിക്കാരിയും എതൃകക്ഷിയും ഹിന്ദു ധീവര സമുദായത്തിൽപ്പെട്ടവരാണ്. ഹർജിക്കാരിയും എതൃകക്ഷിയും തമ്മിലുള്ള വിവാഹം 12.07.2012 തീയതി എതൃകക്ഷിയുടെ കുടുംബക്ഷേത്രമായ പുന്നപ്രയിലുള്ള ആലിശ്ശേരി ദേവി ക്ഷേത്രത്തിൽ വെച്ച് നടന്നിട്ടുള്ളതാണ്. പ്രസ്തുത വിവാഹം ഇരു കക്ഷികളുടെയും രണ്ടാം വിവാഹം ആയിരുന്നു എന്നും ഹർജിക്കാരിയുടെ മൊഴിയിൽ നിന്നും ഈ കോടതിക്ക് ബോധ്യമായിരിക്കുന്നു. എന്നാൽ ഹർജിക്കാരിയെ താൻ വിവാഹം കഴിച്ചിട്ടില്ല എന്ന് എതൃകക്ഷി പറയുകയായാലും എതൃകക്ഷിയുമായിട്ടുള്ള 12.07.2012 തീയതിയിലെ വിവാഹം എതൃകക്ഷി നിഷേധിക്കുന്നതിനാലും Ext.P1, Ext.P2, Ext.P5 എന്നീ രേഖകൾ കോടതിക്ക് പരിശോധിക്കേണ്ടതായി വന്നു. Ext.P1 റേഷൻ കാർഡ് (നമ്പർ 1418071147) Ext.P2 റേഷൻ കാർഡ് (നമ്പർ 1418071147) ഹർജിക്കാരിക്ക് ഇലക്ഷൻ കമ്മീഷനിൽ നിന്ന് നൽകിയ Ext.P5 ഇലക്ഷൻ തിരിച്ചറിയൽ കാർഡ് (നമ്പർ KHK1628387) എന്നിവ പരിശോധിച്ചപ്പോൾ ഹർജിക്കാരിയും എതൃകക്ഷിയും തമ്മിൽ വിവാഹിതർ ആണെന്നും ഭാര്യാഭർത്താക്കന്മാരായി ടി പങ്കുപാർത്ത വീട്ടിൽ ഒരുമിച്ച് താമസിച്ചിട്ടുണ്ട് എന്നും ബോധ്യമായിരിക്കുന്നു. Ext.P1 റേഷൻ കാർഡ് 24.12.2008 തീയതി അമ്പലപ്പുഴ താലൂക്ക് ഓഫീസർ ഇഷ്യൂ ചെയ്തതാണ് എന്നും അതിൽ ഹർജിക്കാരിയായ ഷീബ എതൃകക്ഷിയായ മോഹനന്റെ ഭാര്യ ആണെന്നും കുടുംബ ബന്ധത്തെ പറ്റി

പരാമർശിക്കുന്ന കോളത്തിൽ രേഖപ്പെടുത്തിയതായും, കൂടാതെ 15.03.2017 തീയതിയിൽ അമ്പലപ്പുഴ താലൂക്ക് ഓഫീസർ ഇഷ്യൂ ചെയ്ത Ext.P2 റേഷൻ കാർഡിൽ ഹർജിക്കാരിയായ ഷീബ എതൃകക്ഷി മോഹനന്റെ ഭാര്യ ആണെന്ന് കുടുംബബന്ധത്തെ പറ്റി പരാമർശിക്കുന്ന കോളത്തിൽ രേഖപ്പെടുത്തിയതായും കാണുന്നു. Ext.P1, Ext.P2 റേഷൻ കാർഡുകൾ ഇഷ്യൂ ചെയ്തിരിക്കുന്ന മേൽവിലാസം പരിശോധിച്ചപ്പോൾ ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിലെ പുന്നപ്ര തെക്ക് പഞ്ചായത്തിലെ ആലിശ്ശേരിൽ വീട് ആണെന്ന് കാണാൻ സാധിക്കും. ഹർജിക്കാരിക്ക് ഇലക്ഷൻ കമ്മീഷനിൽ നിന്ന് 09.03.2014 തീയതി ഇഷ്യൂ ചെയ്ത Ext.P5 ഇലക്ഷൻ തിരിച്ചറിയൽ കാർഡ് (നമ്പർ KHK1628387) പരിശോധിച്ചതിൽ നിന്നും മേൽവിലാസം "ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിലെ പുന്നപ്ര തെക്ക് പഞ്ചായത്തിലെ ആലിശ്ശേരിൽ വീട്ടിൽ" ആണ് ഹർജിക്കാരിയായ ഷീബ താമസിക്കുന്നതെന്നും ഭർത്താവ് എതൃകക്ഷി മോഹനൻ ആണെന്നും വ്യക്തമായി രേഖപ്പെടുത്തിയിരിക്കുന്നതായി കാണുന്നു. കൂടാതെ ഹർജിക്കാരിയെ PW1 ആയി എതിർവിസ്താരം നടത്തിയപ്പോൾ ഹർജിക്കാരിയുടെ മുൻവിവാഹമോചനം നടത്തിയിട്ടുള്ളതാണ് എന്നും വിവാഹമോചന രേഖകൾ കോടതിയിൽ ഹാജരാക്കാമെന്നും മൊഴി നൽകിയിട്ടുണ്ട്. എന്നാൽ ഹർജിക്കാരിയും എതൃകക്ഷിയും തമ്മിലുള്ള 12.07.2012 തീയതിയിൽ നടന്ന വിവാഹത്തിന്റെ റെക്കോർഡുകളിൽ ഒന്നും എതൃകക്ഷി ഒപ്പ് ഇട്ടിട്ടില്ല എന്നും തുടർന്ന് നടന്ന റീ-എക്സാമിനേഷനിൽ വിവാഹം നടന്ന സമയം എതൃകക്ഷിക്ക് 60 വയസ്സ് ആയില്ലേ അത് കൊണ്ട് എതൃകക്ഷി രജിസ്റ്ററിൽ ഒപ്പ് ഇടുന്നില്ല എന്ന് ഹർജിക്കാരിയോട് പറഞ്ഞതായും, വിവാഹത്തിൽ 100 ആളുകളോളം പങ്കെടുത്തതായും PW1 കോടതി മുമ്പാകെ മൊഴി നൽകി. ഇതുകൂടാതെ എതൃകക്ഷി 12.07.2012 തീയതിയിൽ നടന്ന വിവാഹം നിഷേധിക്കുന്നുണ്ട് എങ്കിലും എതൃകക്ഷിയെ DW1 ആയി എതിർവിസ്താരം നടത്തിയപ്പോൾ Ext.P1 റേഷൻ കാർഡ് ലഭിക്കുന്നതിന് വേണ്ടി അപേക്ഷ നൽകിയത് എതൃകക്ഷി ആണെന്നും, Ext.P2 റേഷൻ കാർഡിൽ എതൃകക്ഷിയുടെ വീട്ടുപേരിലാണ് ഇഷ്യൂ ചെയ്തതെന്നും, Ext.P1, Ext.P2 റേഷൻ കാർഡുകളുടെ നമ്പർ 1418071147 എന്നാണെന്നും കോടതി മുമ്പാകെ സമ്മതിക്കുകയും ചെയ്തിട്ടുള്ളതാണ്. കൂടാതെ Ext.P1 റേഷൻ കാർഡിൽ ഉടമസ്ഥനായി പറഞ്ഞ പേര് എതൃകക്ഷിയുടേത് ആണെന്നും ടി രേഖയിൽ 5-)o പേരുകാരിയായി കാണിച്ചിരിക്കുന്ന ഹർജിക്കാരിയായ ഷീബയെ തന്റെ "ഭാര്യ" ആയിട്ടാണ്

രേഖപ്പെടുത്തിയതെന്നും, കൂടാതെ 2017 ൽ ഇഷ്യൂ ചെയ്ത Ext.P2 റേഷൻ കാർഡിന്റെ ഉടമ ഹർജിക്കാരിയായ ഷീബ ആണെന്നും, ടി രേഖയിൽ 5-)o പേരുകാരനായി എതൃകക്ഷിയുടെ പേര് ഉണ്ടെന്നും, അതിൽ ഹർജിക്കാരിയുമായി ടിയാളുടെ ബന്ധം "ഭർത്താവ്" എന്നാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്നും DW1 സമ്മതിച്ചിട്ടുള്ളതാണ്. DW1 നെ എതിർവിസ്താരം നടത്തിയപ്പോൾ ഹർജിക്കാരി Ext.P1, Ext.P2 റേഷൻ കാർഡുകളിൽ എതൃകക്ഷിയുടെ അനുവാദമോ സമ്മതമോ ഇല്ലാതെയാണ് രേഖപ്പെടുത്തിയത് എന്ന് അവകാശപ്പെട്ടെങ്കിലും നാളിതുവരെ ആയി യാതൊരു അധികാര സ്ഥാപനങ്ങളിലും എതൃകക്ഷി ആയതിനെ പറ്റി പരാതി ഒന്നും കൊടുത്തിട്ടില്ല എന്നും കോടതി മുമ്പാകെ പറഞ്ഞിട്ടുള്ളതാണ്. അതുപോലെ എതൃകക്ഷിയുടെ വീട്ടുപേര് ആലിശ്ശേരി എന്നാണെന്ന് എതൃകക്ഷി (DW1) എതിർവിസ്താരത്തിൽ സമ്മതിച്ചിട്ടുള്ളതും, 2018 തീയതി ടി വീട്ടിൽ നിന്നും മാറി താമസിച്ചിട്ടുള്ളതാണ് എന്നും, ഹർജിക്കാരിയായ ഷീബയുടെ കൂടെ യോജിച്ച് പോകാൻ കഴിയാത്തത് കൊണ്ടാണ് മാറി താമസിച്ചതെന്നും, തന്റെ കുടുംബവീട്ടിലാണ് നിലവിൽ എതൃകക്ഷി താമസമെന്നും ആലിശ്ശേരി വീട് Ext.P3 രേഖയുടെ അടിസ്ഥാനത്തിൽ ഹർജിക്കാരിയുടെ പേരിലാണ് എന്നും ഇത് ഇഷ്യൂ ചെയ്തത് പുന്നപ്ര തെക്ക് പഞ്ചായത്തിൽ ആണെന്നും എതൃകക്ഷി സമ്മതിച്ചിട്ടുള്ളതാണ്. എതൃകക്ഷിയും ഹർജിക്കാരിയും ടി ആലിശ്ശേരി വീട്ടിൽ 3-4 വർഷം താമസിച്ചു എന്നും DW1 കോടതി മുമ്പാകെ പറഞ്ഞിട്ടുള്ളതാണ്. 12.07.2012 തീയതി ഹർജിക്കാരിയും എതൃകക്ഷിയും തമ്മിലുള്ള വിവാഹം തെളിയിക്കുന്നതിന് വിവാഹ സർട്ടിഫിക്കറ്റ് ഹാജരാക്കിയിട്ടില്ല എന്നും Ext.P1, Ext.P2, Ext.P3, Ext.P5 എന്നീ രേഖകൾ കൊണ്ടു ഹർജിക്കാരി എതൃകക്ഷിയായ മോഹനന്റെ ഭാര്യയാണ് എന്നും എതൃകക്ഷിയെ കോടതി മുമ്പാകെ വിസ്തരിച്ചപ്പോൾ എതൃകക്ഷി Ext.P1, Ext.P2, Ext.P3 എന്നീ രേഖകളിലെ എതൃകക്ഷിയെ പറ്റി പറഞ്ഞിരിക്കുന്ന കാര്യങ്ങൾ സ്വയമേ സമ്മതിച്ചിട്ടുള്ള സ്ഥിതിക്കും ഹർജിക്കാരി എതൃകക്ഷിയുടെ ഭാര്യയാണ് എന്നും "ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിലെ പുന്നപ്ര പി.ഒ-യിൽ ആലിശ്ശേരി വീട്ടിൽ" ഇരുകക്ഷികളും ഭാര്യഭർത്താക്കന്മാരായി വൈവാഹികബന്ധം പുലർത്തി താമസിച്ചിരുന്ന പങ്കുപാർത്ത വീടാണ് എന്നും കോടതിക്ക് ബോധ്യമായിരിക്കുന്നു. എതൃകക്ഷി ഹർജിക്കാരിക്ക് യാതൊരു മാനുഷിക പരിഗണനയും നൽകാറില്ല എന്നും എതൃകക്ഷി ഹർജിക്കാരിയെ ടി പങ്കുപർത്ത വീടായ ആലിശ്ശേരി വീട്ടിൽ നിന്നും പുറത്താക്കുന്നതിന് വേണ്ടി ഇപ്പോഴും ശ്രമിച്ച് കൊണ്ടിരിക്കുകയും, എതൃകക്ഷി പുതിയ

വൈവാഹികബന്ധങ്ങൾ സൃഷ്ടിക്കുന്നതിനുവേണ്ടി ആഗ്രഹം പ്രകടിപ്പിക്കുന്നയാളും, എതൃകക്ഷി ഹർജിക്കാരിയെ മുറിക്ക് അകത്ത് ഇട്ടു പൂട്ടിയ ശേഷം മറ്റൊരു വിവാഹം കഴിക്കുമെന്നും സ്വത്ത് മുഴുവൻ ആ സ്ത്രീക്ക് കൊടുക്കുമെന്നും പറഞ്ഞ് ഭീഷണിപ്പെടുത്തുകയും ഹർജിക്കാരിയെ പങ്കുപാർത്ത വീടായ "ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിലെ പുന്നപ്ര പി.ഒ-യിൽ ആലിശ്ശേരി വീട്ടിൽ" നിന്നും പുറത്താക്കുമെന്നും നിരന്തരം എതൃകക്ഷി ഭീഷണിപ്പെടുത്തുകയും ചെയ്തു എന്നും ഹർജിക്കാരി കോടതി മുമ്പാകെ പറഞ്ഞിട്ടുള്ളതാണ്. ഹർജിക്കാരിയുടെ കോടതി മുമ്പാകെ പറഞ്ഞ മേല്പറഞ്ഞ കാര്യങ്ങളെ സാധൂകരിക്കുന്നതാണ് എതൃകക്ഷിയെ (DW1) എതിർവിസ്താരം നടത്തിയപ്പോൾ ലഭിക്കുന്ന ഉത്തരങ്ങളെന്ന് കോടതിക്ക് ബോധ്യമായിരിക്കുന്നു. എതൃകക്ഷിയുടെ ആദ്യ ഭാര്യ സുരഭി 2004 ൽ ആണ് മരണപ്പെട്ടതെന്നും, പിന്നീട് 2006 ൽ ഷീലയെ വിവാഹം കഴിച്ചു എന്നും ടി വിവാഹബന്ധം നിയമപരമായി വേർപ്പെടുത്തി എന്നും 8 മാസമെ ടി ഷീലയുമായുള്ള വിവാഹബന്ധം നിലനിന്നുള്ളു എന്നും ടി ഷീലയ്ക്ക് മാനസിക പ്രശ്നങ്ങൾ ഉള്ളതിനാൽ ടിയാളുടെ ബന്ധുക്കൾ തന്നെ കൂട്ടിക്കൊണ്ട് പോയതാണ് എന്നും, എന്നാൽ താനും രണ്ടാം ഭാര്യ ഷീലയും തമ്മിൽ നിയമപരമായി വിവാഹബന്ധം വേർപ്പെടുത്തിയിട്ടില്ല എന്നും, തനിക്ക് ഷൈല എന്നൊരു സ്ത്രീയിൽ മോനിഷ എന്ന മകൾ ജനിച്ചിട്ടുണ്ട് എന്നും ടി ഷൈലയെ നിയമപരമായി താൻ വിവാഹം കഴിച്ചിട്ടില്ല എന്നും എതൃകക്ഷി കോടതി മുമ്പാകെ സമ്മതിച്ചിട്ടുള്ളതാണ്. എതൃകക്ഷിയുടെ കോടതി മുമ്പാകെ മേല്പറഞ്ഞ വെളിപ്പെടുത്തലുകൾ എല്ലാം തന്നെ എതൃകക്ഷി പല സ്ത്രീകളെയും വിവാഹം കഴിച്ച് ഉപേക്ഷിക്കുന്ന സ്വഭാവക്കാരൻ ആണെന്നും ഹർജിക്കാരിയെ "ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിലെ പുന്നപ്ര പി.ഒ-യിൽ ആലിശ്ശേരി വീട്ടിൽ" നിന്നും ഇറക്കി വിടുമെന്നുള്ള ഹർജിക്കാരിക്ക് ഉണ്ടായ ഭയം അടിസ്ഥാനരഹിതമല്ല എന്നും കോടതിക്ക് ബോധ്യം വന്നിരിക്കുന്നു. ആയതിനാൽ ഹർജിക്കാരിയും എതൃകക്ഷിയും തമ്മിലുള്ള വിവാഹം 12.07.2012 തീയതിയിൽ നടന്നു എന്നും ഇരുകക്ഷികളും തമ്മിൽ 2005 ലെ ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമം 2(f) വകുപ്പിൽ പറഞ്ഞത് പ്രകാരമുള്ള ഗാർഹികബന്ധം *(Domestic Relationship)* നിലനിൽക്കുന്നുണ്ട് എന്നും ആയതിനാൽ ഹർജിക്കാരിയെ പ്രസ്തുത പങ്കു പാർത്ത വീടായ "ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിലെ പുന്നപ്ര പി.ഒ-യിൽ ആലിശ്ശേരി വീട്ടിൽ" നിന്നും ഇറക്കി വിടുന്നതിന് എതൃകക്ഷി ശ്രമിക്കും എന്നും ഹർജിക്കാരി

ഭയപ്പെടുന്നതിനാലും ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമം 18(a) വകുപ്പ് പ്രകാരം സംരക്ഷണ ഉത്തരവ് ലഭിക്കാൻ ഹർജിക്കാരി അർഹയാണ് എന്നും കോടതി കണ്ടെത്തിയിരിക്കുന്നു.

10. "ആലപ്പുഴ ജില്ലയിലെ അമ്പലപ്പുഴ താലൂക്കിലെ പുന്നപ്ര പി.ഒ-യിൽ ആലിശ്ശേരി വീട്ടിലാണ്" ഹർജിക്കാരിയും എതൃകക്ഷിയും പങ്കുപാർത്ത വീട് എന്നു ഹർജിക്കാരി മൊഴി പറഞ്ഞിരിക്കുന്നു. ഹർജിക്കാരിയുടെ മൊഴി പ്രകാരം ടി വീടും വസ്തുവും നിർമ്മിക്കുന്നതിനായി ഹർജിക്കാരി മത്സ്യഫെഡിൽ പ്രോസസിംഗ് സൂപ്പർവൈസർ ആയി ജോലി ചെയ്ത് പ്രതിമാസം ലഭിക്കുന്ന 30,000/- (മുപ്പതിനായിരം) രൂപയിൽ കൂടുതൽ വരുമാനവും, ഹർജിക്കാരി വരിസംഖ്യ അടച്ചിരുന്ന വിവിധ ചിട്ടിഫണ്ടുകളിൽ നിന്നുള്ള തുകയും, കൂടാതെ ഹർജിക്കാരിക്ക് എതൃകക്ഷിയുമായുള്ള വിവാഹത്തിന് മുമ്പ് തന്നെ ഹർജിക്കാരിയുടെ കുടുംബസ്വത്തായി ലഭിച്ച 6,00,000/- (ആറ് ലക്ഷം) രൂപയും കൂടാതെ ഹർജിക്കാരിക്ക് 2012 ഓഗസ്റ്റ് മാസം മുതൽ ശമ്പളം ലഭിച്ചു തുടങ്ങിയപ്പോൾ മുതൽ വിവിധ തവണകളിലായി ആകെ 9,92,479/- രൂപ ശമ്പളയിനത്തിൽ എതൃകക്ഷി ഹർജിക്കാരിയിൽ നിന്നും കൈപ്പറ്റിയിട്ടുണ്ട് എന്നും, എതൃകക്ഷിയുടെ പേരിൽ വാങ്ങിയ വസ്തുവിന്റെ മുഴുവൻ വിലയും ഹർജിക്കാരിയുടെ ശമ്പളത്തിൽ നിന്നാണ് ചിലവഴിച്ചത്. പുന്നപ്ര വില്ലേജിൽ സർവ്വേ നമ്പർ 35/9-1 ൽ ഉൾപ്പെട്ട 5.46 ആർസ് വസ്തു എതൃകക്ഷിയാണ് വാങ്ങിയത്. യഥാർത്ഥത്തിൽ മുഴുവൻ പണവും ഹർജിക്കാരിയാണ് ചിലവഴിച്ചതെങ്കിലും വസ്തുവിന്മേലുള്ള ഹർജിക്കാരിയുടെ മുഴുവൻ അവകാശങ്ങളും താൽപര്യങ്ങളും തടയപ്പെട്ടിരിക്കുകയാണ് . എതൃകക്ഷി ടി വീട്ടിൽ താമസിച്ച് കൊണ്ട് ഹർജിക്കാരിയെ മാനസികമായും ശാരീരികമായും ഗാർഹിക പീഡനം നടത്തിയെന്നും ഹർജിക്കാരി പറഞ്ഞു. ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ***പ്രഭ ത്യാഗി v. കമലേഷ് ദേവി (AIR 2022 SC 2331)*** എന്ന വിധിയിൽ, ഒരു സ്ത്രീ ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമം 2005 പ്രകാരമുള്ള നടപടി ക്രമങ്ങൾ സ്ഥാപിക്കുന്ന സമയത്തോ അതിനു മുമ്പോ പങ്കു പറ്റിയ വീട്ടിൽ താമസിച്ചതിന്റെ സ്വഭാവരീതി സ്ഥാപിക്കേണ്ട ആവശ്യമില്ല എന്നും നിയമപരമായ അനുമതിയുള്ള ഒരു ബന്ധമുണ്ടെങ്കിൽ ആ ബന്ധത്തിലുള്ള സ്ത്രീക്ക് പങ്കു പറ്റുന്ന വീട്ടിൽ താമസിക്കാനുള്ള അവകാശം ലഭിക്കുന്നു എന്നും പറഞ്ഞിട്ടുണ്ട്. ടി നിയമത്തിലെ 17-)o വകുപ്പ് പ്രകാരം സംരക്ഷണത്തിനുള്ള സ്ത്രീയുടെ അവകാശം പങ്കു പറ്റിയ വീട്ടിൽ താമസിക്കാനുള്ള അവകാശവുമായി സഹവർത്തിച്ചിരിക്കുന്നു. ഗാർഹിക പീഡനത്തിൽ നിന്നുള്ള സ്ത്രീ സംരക്ഷണ നിയമത്തിന്റെ 19(a) വകുപ്പ്

പ്രകാരം പങ്കു പറ്റുന്ന വീട്ടിൽ നിയമപരവും ധാർമികവുമായ അവകാശവും എതൃകക്ഷിക്ക് ഇല്ലെങ്കിൽ പോലും പീഡിപ്പിക്കപ്പെട്ടയാളുടെ കൈവശാവകാശത്തിന് അലട്ടൽ ഉണ്ടാക്കുന്നതിൽ നിന്ന് എതൃകക്ഷിയെ വിലക്കാൻ സാധിക്കുന്നതാണ്. ടി വകുപ്പ് പ്രകാരം നിയമ പ്രകാരമുള്ള നടപടിക്ക് അനുസൃതമായല്ലാതെ പങ്കുപറ്റുന്ന വീട്ടിൽ നിന്നോ അതിന്റെ ഏതെങ്കിലും ഭാഗത്തുനിന്നോ എതൃകക്ഷിക്ക് പീഡിപ്പിക്കപ്പെട്ടയാളെ കുടിയൊഴിപ്പിക്കാനോ ഒഴിവാക്കാനോ സാധിക്കില്ല. ഹർജിക്കാരിക്ക് ടി വീട്ടിൽ താമസിക്കാൻ ഇത് പ്രകാരം അവകാശം ഉള്ളതാകുന്നു.

11. അതുപോലെ കേസിലെ മുഴുവൻ വസ്തുതകളും സാഹചര്യങ്ങളും കണക്കിലെടുത്ത് ഹർജിക്കാരിയെ ഗാർഹിക പീഡനങ്ങളിൽ നിന്ന് സംരക്ഷിക്കുന്നതിനും, പുന്നപ്ര വില്ലേജിലെ സർവ്വേ നമ്പർ 35/9-1 ൽ ഉൾപ്പെട്ട 5.46 ആർസ് സ്ഥലവും അതിലെ പങ്ക് പാർത്ത വീടും കൈമാറ്റം ചെയ്യുന്നതിൽ നിന്നും എതൃകക്ഷിയെ തടയുന്നതിനും, പുന്നപ്ര സൗത്ത് പഞ്ചായത്തിലെ 119/XIII നമ്പർ പങ്ക് പാർത്ത വീട് കൈമാറ്റം ചെയ്യുകയോ അന്യവൽക്കരണം ചെയ്യുകയോ ക്രയവിക്രയം നടത്തുകയോ ചെയ്യും എന്ന് മനസിലാകുന്നു. Ext.P1, Ext.P2, Ext.P3 രേഖകളിൽ നിന്നും ഹർജിക്കാരിക്ക് പുന്നപ്ര വില്ലേജിലെ സർവ്വേ നമ്പർ 35/9-1 ൽ ഉൾപ്പെട്ട 5.46 ആർസ് സ്ഥലവും അതിലെ പങ്ക് പാർത്ത വീട്ടിലും താമസിക്കുന്നതിനുള്ള അവകാശമുണ്ട് എന്ന് കോടതിക്ക് ബോധ്യമായിരിക്കുന്നു. ആയതിനാൽ പുന്നപ്ര വില്ലേജിലെ സർവ്വേ നമ്പർ 35/9-1 ൽ ഉൾപ്പെട്ട 5.46 ആർസ് സ്ഥലവും അതിലെ പങ്ക് പാർത്ത വീടും കൈമാറ്റം ചെയ്യുന്നതിൽ നിന്നും എതൃകക്ഷിയെ തടയുന്നതിനും, പുന്നപ്ര സൗത്ത് പഞ്ചായത്തിലെ 119/XIII നമ്പർ പങ്ക് പാർത്ത വീട് കൈമാറ്റം ചെയ്യുകയോ അന്യവൽക്കരണം ചെയ്യുകയോ ക്രയവിക്രയം നടത്തുകയോ ചെയ്യരുതെന്നും എതൃകക്ഷിയെ തടയേണ്ടത് ഹർജിക്കാരിക്ക് ടി വീട്ടിലും വസ്തുവിലും സ്വസ്ഥമായി താമസിക്കുന്നതിന് അത്യാവശ്യമാണ് എന്ന് ഈ കോടതി കണ്ടെത്തുന്നു. ആയതിനാൽ ഈ പരിഗണന വിഷയങ്ങൾ ഹർജിക്കാരിക്ക് അനുകൂലമായി കണ്ടെത്തിയിരിക്കുന്നു.

**<u>പരിഗണന വിഷയം V :-</u>**

12. I മുതൽ IV വരെയുള്ള പരിഗണന വിഷയങ്ങളിലെ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഈ ഹർജി അനുവദിച്ചു താഴെ പറയുന്ന ഉത്തരവുകൾ നൽകുന്നു :-

1. ഹർജിക്കാരിക്കെതിരെ മാനസികവും ശാരീരികവും സാമ്പത്തികവും വാക്കാലുമുള്ള ഗാർഹിക പീഡന കൃത്യങ്ങൾ നടത്തുന്നതിൽ എതൃകക്ഷിയെ തടഞ്ഞ് ഉത്തരവാകുന്നു.

2. പുന്നപ്ര വില്ലേജിലെ സർവ്വേ നമ്പർ 35/9-1 ൽ ഉൾപ്പെട്ട 5.46 ആർസ് സ്ഥലവും അതിലെ പങ്ക് പാർത്ത വീടും കൈമാറ്റം ചെയ്യുന്നതിൽ നിന്നും എതൃകക്ഷിയെ തടഞ്ഞ് ഉത്തരവാകുന്നു.

3. പുന്നപ്ര സൗത്ത് പഞ്ചായത്തിലെ 119/XIII നമ്പർ പങ്ക് പാർത്ത വീട് കൈമാറ്റം ചെയ്യുകയോ അന്യവൽക്കരണം ചെയ്യുകയോ ക്രയവിക്രയം നടത്തുകയോ ചെയ്യരുതെന്ന് എതൃകക്ഷിയെ തടഞ്ഞ് ഉത്തരവാകുന്നു.

4. എതൃകക്ഷി മേല്പറഞ്ഞ ഉത്തരവുകൾ പാലിക്കാത്തപക്ഷം ഹർജിക്കാരിക്ക് എതൃകക്ഷിക്കെതിരെ നിയമനടപടികൾ സ്വീകരിക്കാവുന്നതാണ്.

ഈ വിധിയിൽ ബാധിക്കപ്പെട്ട വ്യക്തിക്ക് ഈ തീയതി മുതൽ 30 ദിവസത്തിനകം ബഹുമാനപ്പെട്ട ആലപ്പുഴ ജില്ലാ കോടതിയിൽ അപ്പീൽ ഹർജി കൊടുക്കുവാൻ അവകാശമുണ്ടായിരിക്കുന്നതാണ്.

*(ഇപ്രകാരം ഞാൻ പറഞ്ഞു കൊടുത്തു. കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് ടൈപ്പ് ചെയ്തു. ഞാൻ വായിച്ചു നോക്കി, തെറ്റ് തിരുത്തി തുറന്ന കോടതിയിൽ 2026 മാർച്ച് മാസം 28 ന് വിധി പറഞ്ഞിട്ടുള്ളതാണ്)*

*(sd/-)*

**സുശാന്ത് കൃഷ്ണൻ. ജി**
**ന്യായാധികാരി,**
**ഗ്രാമന്യായാലയ, അമ്പലപ്പുഴ**

## <u>അനുബന്ധം</u>

A. ഹർജി ഭാഗം സാക്ഷികൾ

| | |
|---|---|
| PW1 | ഷീബ. പി. ആർ |

B.എതൃകക്ഷി ഭാഗം സാക്ഷികൾ

| | |
|---|---|
| DW1 | മോഹനൻ |

C.കോടതി ഭാഗം സാക്ഷികൾ - ഇല്ല

D.ഹർജി ഭാഗം തെളിവുകൾ

| | |
|---|---|
| Ext.P1 (PW1) | റേഷൻ കാർഡ് (നമ്പർ 1418071147) |
| Ext.P2 (PW1) | അമ്പലപ്പുഴ താലൂക്ക് ഓഫീസർ ഇഷ്യൂ ചെയ്ത റേഷൻ കാർഡ് (നമ്പർ 1418071147) |
| Ext.P3 (PW1) | പുന്നപ്ര തെക്ക് ഗ്രാമ പഞ്ചായത്ത് സെക്രട്ടറി 27.09.2018 തീയതിയിൽ നൽകിയ റസിഡൻഷ്യൽ സർട്ടിഫിക്കറ്റ് |
| Ext.P4 (PW1) | 2012 ജനുവരി മുതൽ 2015 ഡിസംബർ വരെയുള്ള കാലയളവിലെ ശമ്പള വിവരപ്പട്ടിക |
| Ext.P5 (PW1) | ഇലക്ഷൻ തിരിച്ചറിയൽ കാർഡ് (നമ്പർ KHK1628387) |

E. എതൃകക്ഷി ഭാഗം തെളിവുകൾ - ഇല്ല

F. കോടതി ഭാഗം തെളിവുകൾ - ഇല്ല

G. അടയാളപ്പെടുത്തിയ വസ്തുക്കൾ - ഇല്ല

*( Id/-)*

**സുശാന്ത് കൃഷ്ണൻ. ജി**
**ന്യായാധികാരി,**
**ഗ്രാമ ന്യായാലയ, അമ്പലപ്പുഴ**